4. അവേദ റിസോർട്ട്സ് & സ്പാ പ്രൈവറ്റ് ലിമിറ്റഡ്, കോട്ടയം.

5. കുമരകം അക്വ സെറീൻ പ്രൈവറ്റ് ലിമിറ്റഡ്, കോട്ടയം.

6. സിൽവർ കാസ്റ്റിൽ ഹോളിഡെയ്സ് & റിസോർട്ട്സ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്, വയനാട്.

7. അബാദ് ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം.

8. സീ ലഗൂൺ ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ്, എറണാകുളം.

9. ട്രാവൽ സ്പേസ് ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം.

10. ഹോട്ടൽ ടെക് ട്രേഡേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം.

(സി) റിസോർട്ട്, ഹെറിറ്റേജ് വില്ലേജ് തുടങ്ങിയ പദ്ധതികൾക്കാണ് ടൂറിസം മേഖലയിൽ കെ.എസ്.ഐ.ഡി.സി. പ്രോത്സാഹനം നൽകുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) ആരോഗ്യം, വിവരസാങ്കേതികവിദ്യ, ലൈറ്റ് എൻജിനീയറിംഗ്, ഭക്ഷ്യ സംസ്ക്കരണം, ബയോടെക്നോളജി, ലോജിസ്റ്റിക്സ്, റീറ്റെയിലിംഗ് തുടങ്ങിയ മേഖലകളിലെ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകാനാണ് കെ.എസ്.ഐ.ഡി.സി. ഉദ്ദേശിക്കുന്നത്.

സാംസ്കാരിക പ്രവർത്തകരുടെ ക്ഷേമത്തിനായി ക്ഷേമനിധി ബോർഡ്

26 (*266) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംസ്കാരിക പ്രവർത്തകരുടെ ക്ഷേമത്തിനായി ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ ഈ ബോർഡ് എപ്പോൾ രൂപീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ക്ഷേമനിധിയിലൂടെ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാനുദ്ദേശിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ ക്ഷേമനിധിയിൽ അംഗമാകുന്നതിന് എന്തെല്ലാം നടപടി ക്രമങ്ങൾ പാലിക്കേണ്ടതുണ്ടെന്ന് വിശദമാക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) "2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട്" എന്ന പേരിൽ കേരള നിയമസഭ പാസ്സാക്കിയ ആക്ടിലെ സെക്ഷൻ 8 (4) വ്യവസ്ഥ ചെയ്യുന്ന പ്രകാരം നിധിയുടെ നടത്തിപ്പിനായി 22 പേരുള്ള ഒരു ബോർഡ് 14-2-2011-ൽ രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സാംസ്കാരിക പ്രവർത്തകർക്ക് പെൻഷൻ, കുടുംബ പെൻഷൻ, ചികിത്സാധനസഹായം, ശാരീരിക അവശത/അംഗവൈകല്യംമൂലം ഉപജീവനത്തിന് ജോലിചെയ്യുവാൻ കഴിയാത്തവർക്ക് സാമ്പത്തിക സഹായം, വനിതാ അംഗങ്ങൾക്ക് പ്രസവാനുകൂല്യം, വനിതാ അംഗങ്ങളുടെയും അംഗങ്ങളുടെ പെൺമക്കളുടെയും വിവാഹത്തിന് ധനസഹായം, മരണമടഞ്ഞ അംഗത്തിന്റെ കുടുംബത്തിന് ധനസഹായം, അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ്, വായ്പ, സാംസ്കാരിക പ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിന് അംഗങ്ങൾക്ക് വായ്പ, മുൻകൂറുകൾ, മെയിന്റനൻസ് ഗ്രാന്റ് എന്നീ ആനുകൂല്യങ്ങളാണ് നൽകാനുദ്ദേശിച്ചിട്ടുള്ളത്.

(സി) ക്ഷേമനിധിയിൻകീഴിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളും, അംഗമാകുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങളും പ്രതിപാദിക്കുന്ന പദ്ധതി തയ്യാറാക്കിവരുന്നു.

പരമ്പരാഗത വ്യവസായ മേഖലയുടെ പരിപോഷണത്തിനായി സ്വീകരിച്ച നടപടികൾ

27 (*267) ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത വ്യവസായ മേഖലയുടെ പരിപോഷണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) കൈത്തറി മേഖലയിൽ എന്തൊക്കെ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ഈറ്റ-പനമ്പ് മേഖലയുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ഡി) ഖാദിമേഖലയുടെ വൈവിധ്യവൽക്കരണത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഇ) ബീഡി തൊഴിലാളികളുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) :

(എ) പരമ്പരാഗത വ്യവസായ മേഖലയുടെ പരിപോഷണത്തിനായി സർക്കാർ സ്വീകരിച്ച നടപടികൾ താഴെപ്പറയുന്നു:

കൈത്തറി : പരമ്പരാഗത കരിമ്പന വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന കൈത്തറി കരിമ്പനാധിഷ്ഠിത വ്യവസായ തൊഴിലാളി കുടുംബങ്ങൾക്ക് ക്ഷേമ പദ്ധതിയുടെ ഭാഗമായി ജനശ്രീ ഭിന്നശേഷി പദ്ധതി നടപ്പിലാക്കി.

LIBRARY ARCHIVES Kerala Legislative Assembly